# ഓർത്തോഡോക്സ് ക്രിസ്തീയ വിശ്വസത്തിന്റെ അന്തസത്തയും സവിശേഷതകളും

- ഫാദർ ഡോ. ബിജേഷ് ഫിലിപ്പ്

ഓരോ വ്യക്തിയും ഒരേ സമയം  വിവിധ കുടുംബങ്ങളുടെ ഭാഗമായിട്ടാണല്ലോ ജീവിക്കുന്നത്. അണു കുടുംബം, കൂട്ടുകുടുംബം, സഭ, മതം, രാജ്യം, ലോകം തുടങ്ങിയവ അവയിൽ ചിലതു  മാത്രം. സ്വന്തം കുടുംബത്തിന്റെ വേരുകൾ അന്വേഷിക്കുന്നത്  വിഭജനത്തിന്റെ മൂല്യം കൂട്ടുവാനല്ല മറിച്ച് സത്യം അറിയുവാനും അതിൽ വളർന്ന് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാക്ഷ്യം നിർവഹിക്കുവാനുമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ഓർത്തോഡോക്സ് സഭയെയും അതിന്റെ അടിസ്ഥാന വിശ്വാസങ്ങളെയും അന്വേഷിച്ചറിയുന്നത്.

ക്രിസ്തുവിന്റെ അനുയായികളുടെ സംഘം സഭയായി വളർന്നപ്പോൾ ആദ്യകാലത്ത് ഓരോ പ്രാദേശികാടിസ്ഥാനത്തിലുള്ള വ്യത്യാസങ്ങളാണ് ഉണ്ടായിരുന്നത്. ക്രമേണ വിശ്വാസ വിശദീകരണങ്ങളിൽ ഉണ്ടായ വ്യത്യാസങ്ങൾ മൂലവും വിവിധ സഭാ വിഭാഗങ്ങൾ രൂപപ്പെട്ടു. അടിസ്ഥാനപരമായി മൂന്നു തരം സഭാകുടുംബങ്ങളാണുള്ളത്.  ഓർത്തോഡോക്സ്, കത്തോലിക്ക, പ്രോട്ടസ്റ്റന്റ് എന്നിങ്ങനെ അവയെ തരം തിരിക്കാം. ഇന്ന് നിലവിലുള്ള സഭകളിൽ അപ്പോസ്തോലിക വിശ്വാസത്തോട് ഏറ്റവും വിശ്വസ്തത പുലർത്തി വിശ്വാസ പിന്തുടർച്ച നടത്തിയിട്ടുള്ളത് ഓർത്തോഡോക്സ് സഭകളാണെന്ന് കാണുവാൻ കഴിയും.

ഓർത്തോഡോക്സ് എന്ന വിശേഷണം സത്യ ആരാധനയോട് ബന്ധപ്പെട്ടതാണ്. സത്യ വിശ്വാസവും സഭയുടെ സത്യാരാധനയും വളരെ ബന്ധപ്പെട്ടതാണ്. ആദിമുതലേ സഭയുടെ ഔദ്യോഗിക ആരാധനയിലെ പങ്കാളിത്തത്തിന്റെ ഒരു പ്രധാന അടിസ്ഥാനം തന്നെ സത്യവിശ്വാസമായിരുന്നു. സത്യവിശ്വാസം ഉൾകൊള്ളുന്നവരും മാമൂദീസ സ്വീകരിച്ചവരുമാണല്ലോ സഭയുടെ ആരാധനയിൽ സംബന്ധിക്കുവാൻ അർഹതയുള്ളവർ. അതുകൊണ്ടു 'ഓർത്തോഡോക്സ്' സത്യവിശ്വാസത്തെ സംബന്ധിക്കുന്ന പദമായും മനസിലാക്കാം.

ഓർത്തോഡോക്സ് സഭാകുടുംബത്തിൽ തന്നെ രണ്ടു വിഭാഗങ്ങളുണ്ട്. നിഖ്യാ (എ.ഡി. 325), കുസ്തന്തീനോപോലീസ് (എ.ഡി. 381), എഫേസ്സൂസ് (എ.ഡി.431) എന്നീ ആദ്യ മൂന്നു സാർവത്രിക സുന്നഹദോസുകളും അവിഭജിത സഭയുടെ വിശ്വാസം ക്രോഡീകരിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ നാലാമത് കൂടിയ കൽക്കദോന്യ (എ.ഡി. 451) സുന്നഹദോസിൽ ഒരു അഭിപ്രായവ്യത്യാസം ക്രിസ്തുശാസ്ത്രസംബന്ധമായി ഉണ്ടായി. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള സംയോജനത്തിന്റെ ആഴം വ്യക്തമാക്കുവാൻ ആ സുന്നഹദോസിലെ തീരുമാനം അപര്യാപ്തമാണെന്ന് ഒരു വിഭാഗം കണ്ടെത്തി. ഇതിന്റെ പേരിലുണ്ടായ വിഭജനം റോമാസാമ്രാജ്യത്തിന്റെ കിഴക്കൻഭാഗത്തുള്ള സഭയെയാണ് പ്രധാനമായും ബാധിച്ചത്. ഈ വിഭജനത്തിൽ  കൽക്കദോന്യ സുന്നഹദോസ് തീരുമാനത്തോട് വിയോജിച്ച് നിന്നവരാണ് ഇന്ന് ഓറിയന്റൽ ഓർത്തോഡോക്സ് സഭകൾ എന്നറിയപ്പെടുന്ന സഭകൾ. റോമസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്ത് നിന്നു ഈ സുന്നഹദോസിനെ അനുകൂലിച്ച ക്രിസ്തീയ സഭാ വിഭാഗങ്ങൾ ഇന്ന് ബൈസന്റീയൻ ഓർത്തോഡോക്സ് സഭകളെന്ന് അറിയപ്പെടുന്നു. ഈ സുന്നഹദോസിനെ അനുകൂലിച്ച റോമാസാമ്രാജ്യത്തിന്റെ പടിഞ്ഞാറു നിന്നുള്ളവരും, കിഴക്കു നിന്നുള്ളവരും തമ്മിൽ വിവിധ കാരണങ്ങളാൽ പതിനൊന്നാം നൂറ്റാണ്ടിൽ വിഭജനമുണ്ടായി. അതിൽ റോം കേന്ദ്രീകരിച്ച പടിഞ്ഞാറു നിന്നുള്ളവരാണ് ഇന്ന് റോമൻ കത്തോലിക്കർ എന്നറിയപ്പെടുന്നത്. റോമൻ സഭ മിഷനറിപ്രവർത്തനത്തിലൂടെ ലോകത്തിന്റെ പലയിടങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. ഈ റോമൻ കാതോലിക്ക സഭയിലെ ചില ദുഷ്പ്രവണതകളോട് പ്രതിഷേധിച്ചാണ് പതിനാറാം നൂറ്റാണ്ടിൽ 'നവീകരണ' സഭകളുണ്ടായത്. ഈ നവീകരണ സഭകൾ പിന്നീട് അനേക വിഭാഗങ്ങളായി പിരിയുകയും ചെയ്തു. ആധുനിക കാലത്ത് ഓരോ സുവിശേഷകന്റെയും പേരിലുള്ള സ്വതന്ത്രസഭകളും കൂണുകൾ പോലെ ആരംഭിക്കയുമുണ്ടായി.

മലങ്കര ഓർത്തോഡോക്സ് സഭ, കോപ്റ്റിക് ഓർത്തോഡോക്സ് സഭ, അർമ്മേനിയൻ ഓർത്തോഡോക്സ് സഭ, എത്യോപ്യൻ ഓർത്തോഡോക്സ് സഭ, എറിത്രിയൻ ഓർത്തോഡോക്സ് സഭ, അന്ത്യോക്യൻ (സിറിയൻ) ഓർത്തോഡോക്സ് സഭ തുടങ്ങിയവയാണ് ഓറിയന്റൽ ഓർത്തോഡോക്സ് കുടുംബത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. കോൺസ്റ്റന്റിനോപ്പിളിലെയും, യെരൂശലേമിലെയും, ഗ്രീസിലെയും മോസ്കോയിലെയും, സെർബിയയിലെയും, റുമേനിയായിലെയും, ബുൾഗേറിയായിലെയും, ജോർജിയായിലെയും, സൈപ്രസ്സിലേയും, അന്ത്യോഖ്യയിലെയും, പോളണ്ടിലെയും, അൽബേനിയായിലെയും, ചെക്കോസ്ലോവാക്ക്യയിലെയും, അമേരിക്കയിലെയും ഓർത്തോഡോക്സ് സഭകൾ സ്വയം ശീർഷകത്വമുള്ള ബൈസന്റീയൻ ഓർത്തോഡോക്സ് സഭകളാണ്. അലക്സാന്ത്രിയായിലെ സ്വയംശീർഷകത്വമുള്ള ഗ്രീക് സഭയും ഈ കുടുംബത്തിൽ പെടുന്നു. കൂടാതെ ഫിൻലണ്ടിലെയും, എസ്റ്റോണിയായിലെയും, ജപ്പാനിലേയും, ഉക്രൈനിലെയും, സീനായിലെയും ഒക്കെ ഉൾഭരണ സ്വാതന്ത്ര്യമുള്ള ഓർത്തോഡോക്സ് സഭകളും ഈ കൂട്ടത്തിൽപ്പെടുന്നു. ഓറിയന്റൽ ഓർത്തോഡോക്സ് സഭകളും ബൈസന്റീയൻ ഓർത്തോഡോക്സ് സഭകളും തമ്മിലുള്ള വിശ്വാസപരമായ വിത്യാസം നാമമാത്രമാണ്. അതുകൊണ്ടുതന്നെ ഇരുപതാം നൂറ്റാണ്ടിലുണ്ടായ പരസ്പര സംഭാഷണങ്ങളുടെ വെളിച്ചത്തിൽ കുർബാന ഐക്യത്തിലേക്ക് അധികം വൈകാതെ എത്തിച്ചേരുമെന്ന് കരുതുന്നു.

യേശുക്രിസ്തുവിൽ വെളിപ്പെട്ടതും അപ്പൊസ്തോലന്മാർ അനുഭവിച്ചറിഞ്ഞതുമായ വിശ്വാസം തലമുറകളിലൂടെ തുടർന്നുപോകുന്നതാണ് ഓർത്തോഡോക്സ് വിശ്വാസം. ഓരോ അംഗത്തിനും പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യം അനുഭവിക്കുവാനും ദൈവസ്വഭാവത്തിലേക്ക് വളരുവാനുമുള്ള സാഹചര്യം ഒരുക്കുന്നതുമായ ഒരു വിശ്വാസമാണിത്.

കേവലം ആലോചനകളിലൂടെ മാത്രമല്ലന്നും, അതിലുപരിയായി ദൈവാനുഭവത്തിലൂടെയാണ് ജീവിത രൂപാന്തരം സാധ്യമാകുന്നതെന്നും ഓർത്തോഡോക്സ് സഭകൾ പഠിപ്പിക്കുന്നു. ഭൂമിയിൽ തന്നെ സ്വർഗ്ഗീയാനുഭവം അക്ഷരാർത്ഥത്തിൽ ഒരുക്കുന്ന ആരാധനയും കൗദാശിക ജീവിതവും ഭൗതീകതയുടെ അതിപ്രസരത്തിനു നടുവിൽ സംരക്ഷണവും ആശ്വാസവുമാണ്. നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന ലോകത്തിൽ ചരിത്രത്തിലൂടെ പ്രായോഗികമായി പിന്തുടർന്നു വരുന്നതും പരിശുദ്ധ ത്രിത്വാധിഷ്ഠിതവുമായ സ്ഥായിയായ വിശ്വാസം ഒരുക്കുന്ന സുരക്ഷിതത്വവും ഉറപ്പും ഏറെ പ്രസക്തമാണ്. ഈ സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിന് സഭയ്ക്കു മുഴുവനും ചുമതലയുണ്ടെങ്കിലും എപ്പിസ്കോപ്പായും പരി. എപ്പിസ്കോപ്പൽ സുന്നഹദോസും അക്കാര്യത്തിൽ പ്രത്യേകം പ്രതിജ്ഞാബദ്ധമായിരിക്കുന്നു എന്നത് ഓർത്തോഡോക്സിയുടെ പ്രത്യേകതയാണ്.

പുരാതന പൈതൃകം ഉള്ള റോമൻ കത്തോലിക്ക സഭയുമായി താരതമ്യപ്പെടുത്തുമ്പോൾ ഓർത്തോഡോക്സ് സഭകൾക്ക് നവീകരണ സഭകളെക്കാൾ പലമടങ്ങു സാധർമ്യം  കാണുവാൻ കഴിയും. എങ്കിലും മാർപ്പാപ്പയുടെ തെറ്റികൂടായ്മ, ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന അധികാര പരിധി, പാപ്പ മാത്രമാണു പത്രോസിന്റെ ഏക പിന്തുടർച്ച, ആദ്യപാപം സന്തതികളിലൂടെ കൈമാറ്റപ്പെടുന്ന കുറ്റബോധമാണെന്നുള്ള ചിന്ത, '*ഫിലിയൊക്കെ*' അഥവാ പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ചു 'പിതാവിൽനിന്നും' എന്ന നിഖ്യാ വിശ്വാസപ്രമാണത്തിലുള്ളതിനോടുകൂടി 'പുത്രനിൽ നിന്നും' എന്നു കൂട്ടിച്ചേർത്തത്, കന്യക മറിയാമിനെ സംബന്ധിച്ച അമലോൽഭവ വാദം, 'ബസ്പൂർക്കന' അഥവാ ദണ്ഡ വിമോചന സ്ഥലം, തുടങ്ങിയ കത്തോലിക്ക സഭയുടെ വിശ്വാസ ചിന്തകൾ ഓർത്തോഡോക്സിക്ക് നിരക്കുന്നതല്ല. എങ്കിലും കത്തോലിക്ക സഭയുമായുള്ള വിശ്വാസ വൈജാത്യങ്ങളുടെ വിശദാംശങ്ങളിലേക്കു കടക്കുന്നതിലുപരി നവീകരണ സഭകളുടെ വിശ്വാസ രീതികൾ ഓർത്തോഡോക്സ് വിശ്വാസ രീതികളിൽ നിന്നു എങ്ങനെ വ്യതിചലിച്ചിരിക്കുന്നു എന്നതാണ് ഈ ലേഖനത്തിൽ തുടർന്നു അന്വേഷിക്കുന്നത്. ഓർത്തോഡോക്സ് വിശ്വാസത്തിൽ കാതലായത് വ്യക്തമാക്കികൊണ്ടു ഈ അന്വേഷണം നടത്താം.

ഓർത്തോഡോക്സ് സഭകൾ പുരാതനമായ അപ്പോസ്തോലിക സഭയുടെ പിന്തുടർച്ചയാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ അപ്പോസ്തോലന്മാർ രൂപപെടുത്തിയ സഭയുടെ, വിവിധ കാലഘട്ടങ്ങളിലൂടെയുള്ള രൂപ വികാസമാണ് ഓർത്തോഡോക്സ് സഭയിൽ കാണുന്നത്. അപ്പോസ്തോലീക വിശ്വാസ പാരമ്പര്യത്തോടു ഏറ്റവുമധികം വിശ്വസ്തത  പുലർത്തുന്ന സഭകളാണ് ഓർത്തോഡോക്സ് സഭകളെന്ന സത്യം വിനയത്തോടും നന്ദിയോടും സ്മരിക്കേണ്ടതാണ്.

വിശ്വാസം ദൈവീക വെളിപാടിനോടുള്ള മനുഷ്യന്റെ പ്രതികരണമാണല്ലോ. സൃഷ്ടിയിലൂടെയും പ്രവാചകന്മാരിലൂടെയും ഗുരുക്കന്മാരിലൂടെയും തന്നെത്താൻ മനുഷ്യനു വെളിപ്പെടുത്തുന്ന ദൈവം തന്റെ ഏകജാതനായ ക്രിസ്തുവിലൂടെ സ്നേഹപൂർവ്വം വെളിപെടുത്തിയത്, അനുഭവിച്ചറിഞ്ഞ് വിശ്വസിച്ച അപ്പോസ്തോലന്മാർ ഉൾപ്പെടെയുള്ള ആദിമ സഭാസമൂഹം ആ വിശ്വാസം തലമുറകളിലൂടെ കൈമാറാൻ സഭയ്ക്ക് അടിസ്ഥാനമിട്ട് ക്രമീകരണം ചെയ്തു. പരിശുദ്ധാത്മ സഹായത്താൽ ആ വിശ്വാസം വിവിധ രീതിയിൽ ആവിഷ്കരിച്ചതിനെ ഒരുമിപ്പിച്ച് ആണ് ഓർത്തഡോക്സ് സഭകൾ വിശുദ്ധ പാരമ്പര്യമായി മനസിലാക്കുന്നത്. വി. വേദപുസ്തകവും, ആരാധനയും, വിശ്വാസപ്രമാണവും, സഭാപിതാക്കന്മാരുടെ എഴുത്തുകളും വിശുദ്ധന്മാരുടെ ജീവിത സാക്ഷ്യവും എല്ലാം ഈ പാരമ്പര്യത്തിന്റെ ആവിഷ്ക്കാരങ്ങൾ ആണ്.

വേദപുസ്തകം ഈ വലിയ വിശുദ്ധ പാരമ്പര്യത്തിന്റെ ഒരു പ്രമുഖ ഘടകമാണ്. വേദപുസ്തകവും പാരമ്പര്യവും എന്ന് ഈ കാര്യത്തിൽ വേർതിരിച്ച് ചിന്തിക്കുകയല്ല, അതേ സമയം ഈ വലിയ പാരമ്പര്യത്തിനു വിരുദ്ധമാകാത്ത ചെറുപാരമ്പര്യങ്ങൾ സഭയുടെ വികാസ പരിണാമത്തിൽ ഓരോ പ്രദേശത്തും ഉണ്ടായിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നുമില്ല. വേദപുസ്തകം, പ്രത്യേകിച്ച് പുതിയനിയമം സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന രേഖയാണ്. എന്നാൽ കത്തോലിക്കാ സഭയോട് പ്രധിഷേധിച്ചു രൂപപ്പെട്ട നവീകരണ സഭകളും അവയിൽ നിന്നുണ്ടായ  അവാന്തര വിഭാഗങ്ങളും ആധുനിക റിവൈവൽ സംഘങ്ങളും കരിസ്മാറ്റിക് സമൂഹങ്ങളും എല്ലാം '*വേദപുസ്തകം മാത്രം*' *(sola scriptura)* എന്ന പ്രമാണം ഉയർത്തിപിടിക്കുന്നവരാണ്. വേദപുസ്തകത്തെ ആദരപൂർവ്വം കരുതുകയും ജീവനുള്ള വചനങ്ങളുടെ അറിയിപ്പായി വായിച്ചു കേൾക്കുകയും ചെയ്യുന്ന ഓർത്തഡോക്സ് സഭ ഈ പ്രമാണം സ്വീകരിക്കുന്നില്ല. '*വേദപുസ്തകം മാത്രം*' എന്നത് ഊന്നൽ നൽകുമ്പോൾ വേദപുസ്തകം ഇന്നത്തെ രീതിയിൽ രൂപപ്പെട്ടിട്ടില്ലാതിരുന്ന ആദിമ ക്രിസ്തീയ സഭയുടെ ക്രിസ്തീയജീവിതം എങ്ങനെയായിരുന്നു എന്നത് ചോദിക്കേണ്ടിവരും.

പള്ളി, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ആരംഭവും വളർച്ചയും നോക്കുമ്പോൾ അതിന്റെ  ജൂബിലിക്ക് പ്രസിദ്ധീകരിക്കുന്ന ഒരു സുവനീർ മാത്രംകൊണ്ട് ആ സ്ഥാപനം സംബന്ധിച്ച സകലവും ആയി എന്ന് പറയുന്നത് അഭികാമ്യമല്ല. സുവനീറിലെ റിപ്പോർട്ടിൽ ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെയും പ്രവർത്തകരുടേയും ചരിത്രത്തിന്റെയും എല്ലാ വസ്തുതകളും പൂർണ്ണമായി ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതുകൊണ്ട് ആ സുവനീറിലെ റിപ്പോർട്ടിൽ പറയുന്നത് അസത്യമാണെന്ന് അർത്ഥമില്ല. ഇതുപോലെയാണ് വേദപുസ്തകത്തിന്റെ കാര്യവും. യേശുക്രിസ്തു ചെയ്ത പല കാര്യവും സുവിശേഷത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്ന് വി.യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതും (വി.യോഹ 20:30,21:25) എഴുതപ്പെടാത്ത പാരമ്പര്യങ്ങളെയും മുറുകെപിടിക്കുവാൻ പ.പൗലോസ് ശ്ലീഹായും മറ്റും ഓർമ്മിപ്പിക്കുന്നതും (2 തെസ്സ 2:15,3:6) ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഓർത്തഡോക്സ് സഭകളിലെ ആരാധനയുടെയും കൂദാശകളുടെയും

പൌരോഹിത്യത്തിന്റെയും ഒക്കെ സാധർമ്യം സൂചിപ്പിക്കുന്നത് സഭയുടെ ആരംഭം മുതലുള്ള തുടർച്ചയും വികാസവുമാണ്. ഒരു പള്ളിയുടെ ജൂബിലിക്ക് ഇറക്കുന്ന റിപ്പോർട്ടിൽ ആ പള്ളിയിലെ അംഗങ്ങൾ വി.കുർബ്ബാന കർത്താവിന്റെ തിരുശരീര രക്തങ്ങളായി വിശ്വസിച്ചു സ്വീകരിക്കുന്നു എന്ന് എഴുതിയിട്ടില്ലായിരിക്കും. ഇക്കാരണത്താൽ ആ റിപ്പോർട്ട് ഒരു നൂറ്റാണ്ടിനു ശേഷം ആ പള്ളിയിൽ പെടാത്ത ഒരു കൂട്ടം ആളുകൾ ചേർന്ന് വ്യാഖ്യാനിക്കുമ്പോൾ ആ പള്ളിയുടെ ആരംഭത്തിൽ വിശ്വാസികൾ വി.കുർബ്ബാനയെ തിരു-ശരീരരക്തങ്ങളായി കരുതിയിരുന്നില്ല എന്ന് പറഞ്ഞാൽ ആ പള്ളിയുടെ യഥാർത്ഥ പിന്തുടർച്ചക്കാർ അത് സ്വാഭാവികമായും നിഷേധിക്കും. ഇതുപോലെയാണ് വേദപുസ്തകം ദുരുപയോഗപ്പെടുത്തിയും ദുർവ്യാഖ്യാനങ്ങൾ നൽകിയും ആദിമ സഭയുടെ വിശ്വാസ പാരമ്പര്യ പിന്തുടർച്ചയുള്ള ഓർത്തഡോക്സ് സഭാ വിശ്വാസത്തെ പലരും വിമർശിക്കുവാൻ ശ്രമിക്കുന്നത്. പരിശുദ്ധ ത്രിത്വ വിശ്വാസം സഭയുടെ അടിസ്ഥാന വിശ്വാസമാണ്. പിതാവും പുത്രനും പരിശുദ്ധറൂഹായും ചേർന്ന നിത്യമായ സ്നേഹസമൂഹമാണ് ത്രീയേകദൈവം. പിതാവ് മാറി ചരിത്രത്തിൽ പുത്രനായി വരികയല്ലായിരുന്നു. നിത്യതയിൽ പിതാവിനോടൊപ്പമുണ്ടായിരുന്ന ദൈവപുത്രൻ ചരിത്രത്തിൽ മനുഷ്യാവതാരം ചെയ്യുകയായിരുന്നു. പുത്രനും പരിശുദ്ധ റൂഹായും സൃഷ്ടിക്കപ്പെട്ടവരല്ല. സൃഷ്ടാവായ പിതാവിനോടൊപ്പം ആരാധിക്കപ്പെടേണ്ടവർ ആണ്. പരി. ത്രിത്വത്തിൽ മൂന്നു വ്യത്യസ്ത വ്യക്തിത്വങ്ങൾ ഉണ്ടെങ്കിലും മൂന്നുപേരും ഏക ഇച്ഛയും ദൈവത്വമെന്ന ഏക സാരാംശമുള്ളവരുമാണ്. കർത്താവിന്റെ മാമൂദിസായിൽ വെളിപ്പെട്ട പ.ത്രിത്വത്തിന്റെ പ്രകാശനം (ദനഹ-മത്തായി 3:13-17) ക്രമേണ കൂടുതൽ വ്യക്തമാവുകയും നിഖ്യാവിശ്വാസപ്രമാണത്തിൽ അത് ക്രോഡീകരിക്കയും ചെയ്തിരിക്കുന്നു.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സംയോജിച്ചുണ്ടായ പൂർണ്ണ ആളത്വമായിരുന്നു യേശുക്രിസ്തു. ദൈവപുത്രന്റെ മർത്തീകരണം ഒരു വലിയ രഹസ്യമാണ്. അവിടുന്ന് മനുഷ്യനായി കേവലം കാണപ്പെടുക മാത്രമല്ല; പൂർണ്ണമായി മനുഷ്യനായി തീരുകയായിരുന്നു. ക്രമേണ ഒരു വലിയ ഗുരുവായി തീർന്ന ഒരു മനുഷ്യൻ മാത്രമല്ലായിരുന്നു ക്രിസ്തു. അദൃശ്യനായ ദൈവത്തിന്റെ സ്വഭാവം ചരിത്രത്തിൽ വെളിപ്പെടുത്തുകയും പൂർണ്ണ മനുഷ്യത്വം എന്തെന്ന് തെളിയിച്ചു കാണിക്കയും ചെയ്ത ഒരു വലിയ രഹസ്യമായ വ്യക്തിത്വമായിരുന്നു ക്രിസ്തുവിന്റെത്. ക്രിസ്തുവിന്റെ മനുഷ്യാവതാരവും, പഠിപ്പിക്കലുകളും, ക്രൂശുമരണവും, ഉയിർപ്പും എല്ലാം രക്ഷാകരമാണ്. ക്രിസ്തു സകല നിഷേധാത്മക സ്വാധീനങ്ങളിൽ നിന്നും സ്വാതന്ത്ര്യവും ജീവന്റെ സഫലീകരണവും സാധ്യമാക്കുന്ന സമൃദ്ധമായ ജീവന്റെ ഉറവയാണ്. പാപത്തെയും മരണത്തെയുമെല്ലാം അതിജീവിച്ചു ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റവും നിർണ്ണായകമാണ്. റോമൻകത്തോലിക്കാസഭാ പാരമ്പര്യം ക്രൂശിതരൂപവും മറ്റും ധാരാളമായി ഉപയോഗിക്കുമെങ്കിലും ഓർത്തഡോക്സ് സഭകൾ ശൂന്യമായ ക്രൂശുകൾ ഉപയോഗിക്കുന്നത് ക്രിസ്തു ഉയിർത്തിരിക്കുന്നു എന്ന സത്യം നിരന്തരം പ്രഖ്യാപിക്കാനാണ്.

ക്രിസ്തുവിൽ വിശ്വസിക്കയും അനുഗമിക്കുകയും ചെയ്തവർ പരിശുദ്ധാത്മശക്തിയാൽ പെന്തക്കോസ്തി ദിവസം മുതൽ ഒരു സഭയായി രൂപപ്പെട്ടു വളർന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു. ദൈവത്തെ സ്നേഹിച്ചും ആരാധിച്ചും ജീവിക്കുവാനും ദൈവസ്നേഹം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തിനു വെളിപ്പെടുത്തി കൊടുക്കുവാനും ക്രിസ്തുവിൽ വിളിക്കപ്പെട്ട സമൂഹമാണ് സഭ. വർത്തമാനകാലത്തെ അംഗങ്ങൾ മാത്രമുള്ള ഒരു സംഘമായി മാത്രമാണ് നവീകരണ പാരമ്പര്യത്തിലുള്ള മിക്കവരും സഭയെ കാണുന്നത്. വിശ്വാസികളായി കടന്നുപോയവരും ചരിത്രത്തിൽ ജീവിക്കുന്നവരും വരുവാനുള്ളവരും എല്ലാം ചേർന്ന് വരുന്ന വിശുദ്ധ സമൂഹമാണ് സഭ എന്ന് ഓർത്തോഡോക്സ് വിശ്വാസം. ഓരോ പ്രദേശങ്ങളിലും അല്ലെങ്കിൽ ഓരോ രാജ്യത്തും സ്വയം ഭരണാവകാശമുള്ള സമൂഹമായി നിലകൊള്ളുന്നത് ഐക്യത്തിനു തടസമായി ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്നില്ല. ഏക അപ്പോസ്തോലിക വിശ്വാസത്തിന്റെ പൂർണ്ണതയും പിന്തുടർച്ചയും സഭയുടെ ഐക്യവും അപ്പോസ്തോലികത്വവും ഉറപ്പുവരുത്തുന്നു. പാപവും കുറവുമുള്ള അംഗങ്ങൾ ഉണ്ടെങ്കിലും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പൂർണ്ണതയും പൂർത്തിവരുത്തുന്നവനുമായ സഭയുടെ തലയായ ക്രിസ്തുവിനോടു ചേർന്ന് വിശുദ്ധിയിലേക്ക് പുരോഗമിക്കുന്ന ഒരു തീർഥാടകസംഘമായാണ് സഭയുടെ ആത്മബോധം. ക്രിസ്തുവിനെപ്പോലെ എല്ലാവർക്കും വേണ്ടി നിലകൊള്ളുന്ന ക്രിസ്തുസാന്നിധ്യമായ സഭ കാതോലികമാണ്. ലോകത്തിൽ ദൈവരാജ്യത്തിന്റെ പ്രതീകവും ഉപകരണവുമായിരിക്കുകയും അംഗങ്ങളുടെ ദൈവീകരണം ഉറപ്പാക്കുകയും ചെയ്യുവാനുള്ള നിയോഗമാണ് സഭയ്ക്കുള്ളത്.

യൂറോപ്പിലെ കത്തോലിക്കാ സഭയുടെ അധികാരകേന്ദ്രങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആരംഭിച്ച നവീകരണ ശ്രമങ്ങൾ ക്രമേണ ആവശ്യത്തിലധികം വ്യക്തികേന്ദ്രിതമായ ശൈലിയിലേക്ക് നീങ്ങുകയായിരുന്നു. കൈവെയ്പ്പിനാൽ കൈമാറപ്പെട്ടുവന്ന സഭയിലെ അധികാരങ്ങളെ എതിർത്ത് സഭയെ തകർത്ത് ഓരോ വിശ്വാസിയെയും അധികാരകേന്ദ്രമാക്കാൻ ശ്രമിച്ചപ്പോൾ വളരെ വ്യത്യസ്തങ്ങളായ വേദവ്യാഖ്യാനങ്ങളും വിശ്വാസ പഠിപ്പിക്കലുകളും ഉണ്ടാവുകയും സഭകൾ നിരന്തരം വിഭജിക്കപ്പെടുകയും ചെയ്തു. *'വേദപുസ്തകം മാത്രം'* ഏക അധികാര മാർഗ്ഗനിർദ്ദേശം എന്നു കരുതി രൂപപ്പെട്ട നവീകരണസഭ ക്രമേണ അനേക വിഭാഗങ്ങളായി വിഭജിക്കപ്പെട്ടത് സഭയെ അവഗണിക്കുന്ന വ്യക്തികേന്ദ്രീകൃത ശൈലി ശക്തിപ്പെട്ടതു കൊണ്ടല്ലേ?. ബിഷപ്പും, മൂപ്പനും, ശെമ്മാശനും (ഫിലി. 1.1, യാക്കോ. 5.14) ഉൾക്കൊള്ളുന്ന സഭാശുശ്രൂഷാ ശ്രേണി ആദിമസഭയിൽ തന്നെ ആരംഭിച്ച് ക്രമേണ വികാസം പ്രാപിച്ചതാണ്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലെഴുതിയ പ.ഇഗ്നാത്തിയോസ് നൂറോനോയുടെ എഴുത്തുകൾ ഉൾപ്പെടെ പല രേഖകളും സഭയുടെ മെത്രാപ്പോലീത്ത, പുരോഹിതൻ, ശെമ്മാശൻ എന്നിങ്ങനെയുള്ള ത്രിവിധ പ്രത്യേക ശുശ്രൂഷ നേതൃത്വത്തിലേക്ക് വെളിച്ചം വീശുന്നതാണ്. മഹാ പുരോഹിതനായ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കുചേരുന്ന നേതൃത്വം എന്ന അർത്ഥത്തിൽ ഓരോ പ്രദേശത്തേയും സഭയുടെ അധ്യക്ഷനെ പുരോഹിതൻ എന്നു വിളിക്കുന്നതും മൂന്നാം നൂറ്റാണ്ടു

മുതൽ കൂടുതൽ വ്യക്തമാകുന്നു. വടക്കേ അമേരിക്കയിൽ പതിനെട്ടാം നൂറ്റാണ്ടിലും മറ്റും ആരംഭിച്ച് വളർന്ന റിവൈവൽ ക്രിസ്തീയ സമൂഹങ്ങളിലും അവയുടെ തുടർച്ചയായി പിന്നീടുണ്ടായ പെന്തക്കോസ്തു വിഭാഗങ്ങളിലും സകല വിശ്വാസികളുടെയും രാജകീയ പൌരോഹിത്യം പറഞ്ഞുകൊണ്ടു സഭയിലെ പ്രത്യേക പൌരോഹിത്യ ശുശ്രൂഷാ സംവിധാനങ്ങളോടുള്ള എതിർപ്പും വിമർശനവും ശക്തമാക്കി. എല്ലാ വിശ്വാസികൾക്കും ലഭിക്കുന്ന ആദ്യ പട്ടംകൊടയായ മാമൂദീസായിലൂടെ കിട്ടുന്ന പൌരോഹിത്യ നൽവരം ഉണ്ടെങ്കിലും പ്രത്യേകം വിളിച്ച് വേർതിരിച്ചു പട്ടം നൽകുന്നത് വഴി കുറെ പേർ പ്രത്യേക ക്രിസ്തു സാന്നിദ്ധ്യ നേതൃത്വമായി പരിണമിക്കുന്നു എന്ന പുരാതന വിശ്വാസം ഓർത്തോഡോക്സ് സഭകൾ നിലനിർത്തുന്നു. അതോടോപ്പം ആത്മായക്കാരുമെല്ലാം ഉൾപ്പെടുന്ന സഭ മൂഴുവനായും ഒരു പുരോഹിതനായി ശുശ്രൂഷ നടത്തുവാൻ വിളിക്കപ്പെട്ടിട്ടുള്ളതാണ്.

ഓർത്തോഡോക്സ് സഭ, നിരന്തരമുള്ള പ്രാർത്ഥനാ ജീവിതവും കൂദാശാനുഷ്ഠാനങ്ങളും നിഷ്കർഷിക്കുന്നതിന്റെ ഉദ്ദേശ്യം മാമൂദീസായിലൂടെ ക്രിസ്തുവിൽ ജനിച്ച ഓരോരുത്തരും ക്രിസ്തുവെന്ന തലയോളം വളരണമെന്ന ലക്ഷ്യത്തോടെയാണ്. ഈ ദൈവീകരണ പ്രക്രിയ ജീവിതം മുഴുവൻ തുടർന്നുകൊണ്ടേ ഇരിക്കേണ്ടതാണ്. ദൈവപുത്രൻ മനുഷ്യനായത് മനുഷ്യർ ദൈവപുത്രരാകേണ്ടതിനാണെന്നും, ദൈവത്തെപോലെ ആകുക അഥവാ ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണു (വി . മത്തായി 5.45; 2 പത്രോസു 1.4, 2 കൊരിന്ത്യർ 3.18 ) പരമ പ്രധാന ജീവിത ലക്ഷ്യമെന്നും ഓർത്തോഡോക്സ് വിശ്വാസം നിഷ്കർഷികുന്നു. ക്രിസ്തുവിനെപ്പോലെ കരുണയും, ത്യാഗവും, ക്ഷമയും, ദൈവസംസർഗവുമൊക്കെയുള്ള മന്നുഷ്യരായി നിരന്തരം കൃപ പ്രാപിച്ചു വളരുവാനുള്ള സാദ്ധ്യത ഓരോരുത്തരിലും ഉണ്ട്. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ( ഉലപതി 1.26,27) അഥവാ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സാക്ഷാത്കാരം സാധ്യമാക്കുന്ന ഈ ദൈവീകരണ പ്രക്രീയ ഓർത്തോഡോക്സ് ആത്മീയതയുടെ ഏറ്റവും പ്രധാനമായ ലക്ഷ്യമാണ്. ഒരു വിത്ത് വളർന്ന് മരമാകുന്നത് പോലെ ഒരു മനുഷ്യൻ ക്രിസ്തുവിൽ പൂർണ്ണ മനുഷ്യനായി തീരുന്ന ഈ പ്രക്രീയയെ ദൈവീകരണം എന്നു വിളിക്കം. ദൈവീകരണം ആത്യന്തികമായി യഥാർത്ഥ മനുഷ്യനായിത്തീരലാണ്.

എന്നാൽ ആധുനീക നവീകരണ സഭകളും മറ്റും “പ്രവൃത്തിയാലുള്ള രക്ഷ എന്നു” തെറ്റായി പഠിപ്പിച്ചു ആദിമ നൂറ്റാണ്ടു മുതൽ സഭയിൽ ശക്തമായി നിൽക്കുന്ന ഈ ദൈവീകരണ ദർശനത്തെ അവഗണിക്കുന്നു. വിശ്വാസം മാത്രം (*sola fide*) എന്നും, കൃപ മാത്രം (*sola gracia*) എന്നും ഉള്ള പഠിപ്പിക്കലിലൂടെ എതിർക്കുന്നത് പുരാതന സഭകളുടെ ആത്മീയാനുഷ്ഠാനങ്ങളെയാണ്. അതേ സമയം തന്നെ ഉദ്ദിഷ്ടകാര്യ സാധ്യത്തിനായി ഈ നൂതന വിഭാഗങ്ങളിൽ ഉപവാസവും പ്രാർഥനയുമൊക്കെ നിരന്തരം പ്രോത്സാഹിപ്പികുകയും ചെയുന്നു. പരി. പൌലൊസ് ശ്ലീഹാ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളെ എതിർക്കുകയും ക്രിസ്തുവിൽ ലഭ്യമായ രക്ഷയെ ഉയർത്തികാട്ടുകയും ചെയുന്നതല്ലാതെ ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടു വളരുവാനുള്ള കൃപ സ്വീകരിക്കുവാനായി ആത്മീയാനുഷ്ഠാനങ്ങൾ നടത്തുന്നതിനെ എതിർക്കുന്നില്ല. വിശ്വാസത്താലുള്ള രക്ഷയെന്നത് ഓർത്തോഡോക്സ് പഠിപ്പിക്കലിലും പ്രധാനമാണ്. എന്നാൽ ഓർത്തോഡോക്സ് ക്രിസ്ത്യാനി ദൈവീകരണത്തിനായുള്ള കൃപ പ്രാപിച്ചു വളരുവാൻ നിരന്തരം ദൈവത്തോട് സഹകരിക്കുവാനായി നിർവഹിക്കുന്ന ആരാധനാനുഷ്ഠാനങ്ങളെ വിശ്വാസത്തിനു വിരുദ്ധമായി കാണുന്നില്ല പ.പൌലൊസ് ശ്ലീഹാ “ രക്ഷക്കായി പ്രവർത്തിപ്പിൻ” (ഫിലിപ്യർ 2.12) എന്നു പഠിപ്പിക്കുന്നതും മറ്റും ഈ വെളിച്ചത്തിൽ മനസിലാക്കേണ്ടതാണ്. ഒരു പ്രത്യേക സമയത്ത് ജീവിതത്തിൽ അനുഭവപ്പെട്ട മനസാന്തരം പൂർണ്ണ രക്ഷയായി എന്നു തെറ്റിദ്ധരിച്ചിരിക്കുന്ന നൂതന ക്രിസ്തീയവിഭാഗങ്ങൾക്ക് ഇതിന്റെ അർത്ഥം മനസിലാക്കുവാൻ ബുദ്ധിമുട്ടായിരിക്കാം. രക്ഷ വാഗ്ദാനം ചെയ്ത് സഭ പാപമോചനച്ചീട്ട് വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള പല ഹീന നടപടികളിലേക്കും അധപതിച്ചപ്പോളാണല്ലോ മാർട്ടിൻ ലൂഥറിനെ പോലെയുള്ളവർ *‘വിശ്വാസത്താൽ മാത്രം’* എന്നു പറഞ്ഞു കാത്തോലിക്ക സഭയോടു ശക്തമായി പ്രതിഷേധിച്ചത്. അദ്ദേഹം റോമാ ലേഖനം 3:28 ജെർമ്മൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ “മാത്രം” എന്ന അർത്ഥം വരുന്ന *ALLIEN* എന്ന ജർമ്മൻ വാക്ക് കൂട്ടിചേർത്തത് ഈ പശ്ചാത്തലത്തിലാണ്. വേദപുസ്തകത്തിൽ “വിശ്വാസത്താൽ മാത്രം” എന്നു പറഞ്ഞിരിക്കുന്ന ഏക ഭാഗം നിഷേധാത്മകമായ അർത്ഥത്തിൽ യാക്കോബിന്റെ ലേഖനം 2:24-ൽ ആണ്. അവിടെ വിശ്വാസം പ്രവൃത്തികളാൽ പ്രകടമാകണം എന്ന അർത്ഥത്തിൽ പ്രവൃത്തിയാലുള്ള നീതികരണം പറഞ്ഞിരിക്കുന്നതും ക്രിസ്തീയ വിശ്വാസത്തിൽ നിർണ്ണായകമാണ്.

വിശുദ്ധ കൂദാശകളുടെ അടിസ്ഥാനം ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. കാണാനും കേൾക്കാനും തൊടാനും പറ്റത്തക്കവിധം ദൈവപുത്രൻ മനുഷ്യനായ മഹാ രഹസ്യമാണത്. ഈ രഹസ്യത്തിന്റെ അനുഭവം ആണ് പരിശുദ്ധ കൂദാശകളിലൂടെ സാധ്യമാകുന്നത്. കൂദാശകളിൽ അനുഭവിച്ചറിയാൻ കഴിയുന്ന അപ്പ വീഞ്ഞുകളും, എണ്ണയും, വെള്ളവുമൊക്കെ ദൈവകൃപയുടെ മുഖാന്തിരങ്ങളാകുന്നു. ആദ്യകാല നവീകരണ കർത്താക്കൾ കൂദാശകളുടെ എണ്ണം രണ്ടായി പരിമിതപ്പെടുത്തിയെങ്കിൽ അവരുടെ പിൻതലമുറക്കാർ കൂദാശകളെ വെറും പ്രതീകമായി അവതരിപ്പിക്കുകയും ചെയ്തു. ഇവരുടെ ആധുനിക തലമുറയുടെ നൂതന ചിന്തയിൽ മാമൂദീസ തുടങ്ങിയ ശുശ്രൂഷകൾ സ്വീകരിക്കുന്ന ആളിൽ പ്രത്യേകമായ കൃപാനുഭവം ഒന്നും തന്നെ ഉണ്ടാകുന്നില്ല. എന്നാൽ വേദകൽപ്പന ഉള്ളത് കൊണ്ട് നിർവഹിക്കുന്നു എന്നു മാത്രം.

കൂദാശകളോട് എന്ന് മാത്രമല്ല ആദ്ധ്യാത്മീകതയും, പദാർഥമയമായതും തമ്മിലൊരു ബന്ധവുമില്ല എന്ന തെറ്റിധാരണയിൽ ആരാധനാലയത്തിനും, തപശ്ചര്യകൾക്കും, കുമ്പിടീലിനും, ഐക്കണുകൾക്കും, കുരിശിനും, ഇതര ആരാധനാ പ്രതീകങ്ങൾക്കും ഒന്നും ആദരജനകമായ ഒരു പ്രത്യേകതയും ഈ നവവിശ്വാസ കൂട്ടായ്മ നൽകുന്നില്ല. പദാർഥമയമായതെല്ലാം തിൻമയാണെന്ന് തെറ്റിദ്ധരിച്ചു ക്രിസ്തുവിന്റെ മനുഷ്യത്വത്തെ അംഗീകരിക്കാതിരിക്കുന്ന തോന്നൽ

വാദക്കാരേ ആദിമ സഭ അംഗീകരിച്ചിരുന്നില്ല. ആൽമീയതയെ മനസിലും രഹസ്യമായ ജ്ഞാനത്തിലും ഒതുക്കി പദാർഥമയമായ കൂദാശാനുഭവങ്ങളെ പാടെ അവഗണിച്ച ജ്ഞാനവാദക്കാരേയും (Gnosticism) ആദിമസഭ പുറംതള്ളുകയായിരുന്നല്ലോ. ആദിമസഭ നേരിട്ട ഈ വിരുദ്ധ നിലപാടുകളെ ഓർമിപ്പിക്കുന്ന വിശ്വാസശൈലിയാണ് നൂതന "ക്രിസ്തീയ" വിഭാഗക്കാർ. ഇതിന്റെ അനന്തരഫലമായി ഈ ലോകത്തിലെ വെല്ലുവിളികളെ അവഗണിച്ച് പിൻമാറുന്ന നിഷ്ക്രിയത്വവും നിസംഗതയും വർധിക്കുന്നു. അതേ സമയം തന്നെ സ്വന്തം ആർഭാടങ്ങൾ വർദ്ധിപ്പിക്കുന്ന സമൃദ്ധിയുടെ സുവിശേഷം വേണ്ടുവോളം ആസ്വദിക്കുകയും ചെയ്യുന്നു.

യുഗാന്ത്യം സംബന്ധിച്ചും, മരണാനന്തരാനുഭവം സംബന്ധിച്ചും വളരെ പ്രത്യശാ നിർഭരമായ വിശ്വാസം ഓർത്തോഡോക്സ് ക്രിസ്തീയ വിശ്വാസത്തിലുണ്ടെങ്കിലും അവയുടെ സുദീർഘമായ വിശദീകരണങ്ങൾ സാധാരണ നടത്തി കാണുന്നില്ല ക്രിസ്തുവിന്റെ പ്രത്യക്ഷത, പൊതുവായ ഉയിർപ്പ്, ന്യായവിധി, ദൈവത്തോടൊപ്പമുള്ള നിത്യത തുടങ്ങിയവയൊക്കെയാണ് യുഗാന്ത്യ ചിന്തയുടെ ഉള്ളടക്കം. തന്റെ വലിയ മഹത്വത്തോടെ വരുവാനിരിക്കുന്നവനും 'തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായിലും' ഉള്ള വിശ്വാസവും 'മരിച്ചു പോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനും വേണ്ടിയുള്ള പ്രത്യാശയും' എല്ലാ ദിവസവും നിഖ്യാ വിശ്വാസ പ്രമാണത്തിലൂടെ ഉറപ്പിച്ച് പറയുകയും ചെയ്യുന്നതാണല്ലോ ഓർത്തഡോക്സ് വിശ്വാസം. എന്നാൽ രണ്ടു നൂറ്റാണ്ടുകളായി റിവൈവൽ ക്രിസ്തീയത പ്രചരിപ്പിച്ചു വരുന്ന യുഗാന്ത്യ ചിന്തയിൽ ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയിൽ ക്രിസ്ത്യാനികൾ അവനോടു ചേരുവാൻ പെട്ടന്നു ആകാശത്തിലേക്ക് എടുക്കപ്പെടുകയും അവശേഷിക്കുന്നവർ ഭൂമിയിൽ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്റെ ആക്ഷരീക വിശദാംശങ്ങളുമുണ്ട്. 1 തെസ്സലൊനീക്യർ 4.16-17 ന്റെ അപകടകരമായ ഈ ആക്ഷരീക വ്യാഖ്യാനം ആദ്യ പതിനെട്ടു നൂറ്റാണ്ടുകളിൽ പരിചയമില്ലാതിരുന്ന വിശ്വാസ വ്യാഖ്യാനമാണ്. ക്രിസ്തുവിന്റെ പോലും പഠിപ്പിക്കലിനെതിരായി തന്റെ പ്രത്യക്ഷതയുടെ തീയതി കൃത്യമായി പറഞ്ഞു പ്രവചിക്കുന്ന രീതിയും ഇക്കൂട്ടരിൽ പലരും അവലംബിച്ച് കാണുന്നു.

ഓർത്തോഡോക്സ് സഭയിൽ ഉൾപ്പെട്ടു കൊണ്ട് ഓർത്തോഡോക്സ് വിശ്വാസം പ്രായോഗീകമായി അനുഭവിക്കുമ്പോൾ വിശുദ്ധിയുടെയും നീതിയുടെയും സമാധാനത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വേരുകൾ ശക്തീകരിക്കപ്പെടും. ഈ വിശ്വാസാനുഭവത്തിൽ വെരൂന്നി ഇതരസഭകളോടും മതങ്ങളോടും മതരഹിത ലോകത്തോടും ബന്ധപ്പെട്ട് ദൈവരാജ്യത്തിന്റെ വെളിച്ചം ഈ ലോകത്തിനു നൽകുവാനുള്ള നിയോഗമാണ് ഓർത്തോഡോക്സ് ക്രിസ്തീയ കുടുംബത്തിനുള്ളത്.